## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1139 | 12.07.2016-ൽ മറുപടിയ്ക്ക് |
|---|---|

**പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരെ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്തെ പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക്കും റബറും ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ പ്രവണത അന്തരീക്ഷ മലിനീകരണം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നുണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കുന്നതിന് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കണമെന്നതും പ്ലാസ്റ്റിക്കും റബ്ബറും ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ കൂട്ടിയിട്ട് കത്തിക്കുന്നത് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തുവാൻ വേണ്ട വിവിധങ്ങളായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും അഴുകാത്ത മാലിന്യങ്ങൾ എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തരംതിരിച്ച് ശേഖരിക്കുന്നതിനു വേണ്ട സംവിധാനമുണ്ടാക്കേണ്ടതും ആയവ റീസൈക്ലിംഗിനായി കൈമാറ്റം ചെയ്യുവാൻ വേണ്ട സംവിധാനം ചിട്ടപ്പെടുത്തേണ്ടതും, അജൈവമാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് താൽക്കാലികമായി സംഭരിച്ച് തരംതിരിവു നടത്തി റീസൈക്ലിംഗ് ചെയ്യപ്പെടുന്നതിനുള്ള പശ്ചാത്തല സംവിധാനമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണെന്ന് 15/02/2016-ലെ നം.82200/ ഡി.സി1/2014/ത.സ്വ.ഭ.വ പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ